30
2024
മേയ്
വ്യാഴം
ഇടവം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.195 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-195 | പേജ് 4. വില 2.00 രൂപ




02 എക്സാലോജിക്കിന് അബുദാബിയിൽ ബാങ്ക് അക്കൗണ്ട്; കൈകാര്യംചെയ്തിരുന്നത് വീണയും സുനീഷും

03 പുതിയ മദ്യനയം: സത്യം പുറത്തുവരാൻ സിബിഐ അന്വേഷണം വേണം

04 തുറമുഖത്തിന് സമീപം തിരയിൽപ്പെട്ട് വള്ളം മറിഞ്ഞു

# പേമാരിയിൽ മുങ്ങി കേരളം



തിരുവനന്തപുരം: കാലവർഷം എത്തുന്നതിന് മുമ്പെ പെയ്ത അതിശക്തമായ മഴയിൽ മുങ്ങി സംസ്ഥാനം. പല ഭാഗങ്ങളിലും വെള്ളമുയർന്നതോടെ ജനം തീരാദുരിതത്തിലായി. തിരുവനന്തപുരം ജില്ലയിൽ എട്ട് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 17 കുടുംബങ്ങളിലെ 66 പേരാണ് ക്യാമ്പുകളിലുള്ളത്. തിരുവനന്തപുരം, വർക്കല, കാട്ടാക്കട താലൂക്കുകളിൽ രണ്ട് ക്യാമ്പുകൾ വീതവും നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ ഓരോ ക്യാമ്പുകൾ വീതവും പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം താലൂക്കിൽ ജി.എച്ച്.എസ്. കാലടി, നെടുമങ്ങാട് താലൂക്കിൽ തേമ്പാമൂട് അങ്കണവാടി, വർക്കല താലൂക്കിൽ മുട്ടള ജി.എൽ.പി.എസ്, കുളമുട്ടം ജി.എൽ.പി.എസ്, കാട്ടാക്കട താലൂക്കിൽ കാപ്പിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉഴമലയ്ക്കൽ പഞ്ചായത്ത് ബഡ്സ് സ്കൂൾ എന്നിവിടങ്ങളിലാണ് പുതിയ ക്യാമ്പുകൾ തുറന്നത്.

കൊച്ചിയിലും കനത്ത വെള്ളക്കെട്ടാണ്. ചൊവ്വാഴ്ചയുണ്ടായ മേഘവിസ്ഫോടനത്തെ തുടർന്ന് വലിയ വെള്ളപ്പൊക്കമുണ്ടായ ഇടങ്ങളിൽ ബുധനാഴ്ച വെള്ളം ഇറങ്ങിത്തുടങ്ങിയെങ്കിലും ഉച്ചയോടെ വീണ്ടും മഴ തുടങ്ങിയിട്ടുണ്ട്. കാക്കനാട് പടമുകളിൽ വീടിന്റെ മതിലിടിഞ്ഞ് വീണ് കാർ ചിറയിലേക്ക് വീണു. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 83.7 മില്ലി മീറ്റർ ആണ് കൊച്ചിയിൽ കിട്ടിയ മഴയുടെ കണക്ക്. നിലവിൽ ജില്ലയിൽ ഓറഞ്ച് അലർട്ടാണ്. ഒരു ദുരിതാശ്വാസ ക്യാമ്പും തുറന്നിട്ടുണ്ട്.

അതേസമയം, കഴിഞ്ഞ ദിവസത്തെ മഴയിൽ ഇൻഫോപാർക്കും പരിസരപ്രദേശങ്ങളും വെള്ളക്കെട്ടിലായ സാഹചര്യത്തിൽ വെള്ളം ഒഴുകിപ്പോകുന്നതിനായി നിലവിലെ കലുങ്ക് പുനർനിർമിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ കളക്ടർ നിർദേശിച്ചു. കിൻഫ്ര, ഇൻഫോപാർക്ക് അധികൃതർ ഇതുസംബന്ധിച്ച പ്രൊപ്പോസൽ ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകൾക്ക് നൽകാനാണ് കളക്ടർ നിർദേശിച്ചത്. ജില്ലയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ അതിതീവ്രമഴയെത്തുടർന്നുണ്ടായ വെള്ളക്കെട്ടിനു പരിഹാരം കാണുന്നതിനു ചേർന്ന യോഗത്തിലാണു നിർദേശം.

തൃശ്ശൂരിലും അതിശക്തമായ മഴയാണ്. കഴിഞ്ഞ ദിവസത്തെ മഴയിൽ വെള്ളം കയറിയ അശ്വനി ആശുപത്രിയിലേക്ക് ബുധനാഴ്ച വീണ്ടും വെള്ളം കയറി. ഐ.സി.യുവിലേക്കടക്കം വെള്ളം കയറുന്ന സാഹചര്യമുണ്ടായി.

ആശുപത്രിയുടെ മുൻവശത്തെ കാന നിറഞ്ഞതാണ് ആശുപത്രിയിലേക്ക് വെള്ളം കയറുന്നതിന് കാരണമായത്. വെള്ളക്കെട്ടിനെ തുടർന്ന് രോഗികളെ മാറ്റിയെങ്കിലും അഗ്നിരക്ഷാസേന ഉൾപ്പെടെ സ്ഥലത്തുണ്ട്.

## 3 സംസ്ഥാനങ്ങളിൽ സിഎഎ നടപ്പാക്കി കേന്ദ്രം; നടപടി ബംഗാളിൽ അവസാനഘട്ട വോട്ടെടുപ്പിന് മുൻപ്

ന്യൂഡൽഹി : ബംഗാൾ, ഹരിയാന, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിൽ സിഎഎ പ്രകാരം അപേക്ഷിച്ച ആദ്യഘട്ടത്തിലുള്ളവർക്ക് പൗരത്വം നൽകിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അപേക്ഷകർക്ക് അതത് സംസ്ഥാന എംപവേർഡ് കമ്മിറ്റിയാണ് പൗരത്വം നൽകിയതെന്ന് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ബംഗാളിൽ അവസാനഘട്ട വോട്ടെടുപ്പിനു മുൻപായാണ് കേന്ദ്രസർക്കാർ നടപടി. ബംഗാളിൽ സിഎഎ നടപ്പാക്കില്ലെന്ന് മുഖ്യമന്ത്രി മമത ബാനർജി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ, പൗരത്വ ഭേദഗതി നിയമപ്രകാരം അർഹരായ അപേക്ഷകർക്ക് പൗരത്വം നൽകുമെന്ന് ബിജെപി വാഗ്ദാനം നൽകിയിരുന്നു.2019 ഡിസംബറിൽ നിയമം പാസാക്കിയെങ്കിലും ഇക്കഴിഞ്ഞ മാർച്ചിലാണ് ഇതിനു ചട്ടങ്ങൾ രൂപീകരിച്ചത്.

# മികച്ച പുനരധിവാസ കേന്ദ്രവുമായി പട്ടം എസ് യു ടി ആശുപത്രി

തിരുവനന്തപുരം: ആരോഗ്യ പരിപാലനരംഗത്ത് ഒരു നൂതന അധ്യായം രചിച്ചുകൊണ്ട് എസ് യു ടി ആശുപത്രിയിൽ നവീകരിച്ച ഫിസിയോതെറാപ്പിപുനരധിവാസ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. എസ് യു ടി ആശുപത്രി 'റിലീവ'യുമായി ചേർന്ന് ആരംഭിച്ച പുനരധിവാസ കേന്ദ്രത്തിൽ ശ്വാസകോശ സംബന്ധമായും ഗൈനക്കോളജിയിലെ പ്രീനേറ്റൽ ആന്റ് പോസ്റ്റ് നേറ്റൽ വിഭാഗത്തിലെയും ന്യൂറോളജി, കാർഡിയോളജി, ഓർത്തോപീഡിക് എന്നീ വിഭാഗങ്ങളുടെയും പുനരധിവാസം ലഭ്യമാണ്. ലോകോത്തര നിലവാരം പുലർത്തുന്ന ഈ കേന്ദ്രത്തിന്റെ ഉദ്ഘാടനം ആശുപത്രിയിൽ വച്ച് നടന്നു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ചടങ്ങ് ഉദ്ഘാടനം ചെയ്തു. 'റിലീവ'യുടെ സിഇഒ സുബോധ് ഗുപ്ത നൂതന ചികിത്സാ രീതിയെക്കുറിച്ച് വിശദീകരണം നൽകി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, ചീഫ് ലെയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ, സീനിയർ ഡോക്ടർമാരായ ഡോ. ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), ഡോ. എം ബാലകൃഷ്ണൻ (സീനിയർ കൺസൾട്ടന്റ് റേഡിയോളജി ), ഡോ. സുരേഷ് കുമാർ കെ എൽ (സീനിയർ കൺസൾട്ടന്റ് ന്യൂറോ സർജറി), ഡോ. അനൂപ് എസ് പിള്ള (സീനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സ്), ഡോ. സോഫിയ സലിം മാലിക് (സീനിയർ കൺസൾട്ടന്റ് പൾമണോളജി), ഡോ. കോശി മാത്യു പണിക്കർ (കൺസൾട്ടന്റ് ജനറൽ സർജറി), ഡോ. പ്രിയങ്ക ത്യാഗി (ക്ലിനിക്കൽ ഹെഡ്, റിലീവ), ഫിസിയോതെറാപ്പി വിഭാഗം മേധാവി അജയ്‌ലാൽ ഉൾപ്പെടെ വിവിധ വകുപ്പുകളുടെ മാനേജർമാരും മറ്റ് ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.






# അനിമേഷൻ പഠനം വിസ്മയാസ് മാക്സിൽ

അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഈ ആധുനിക സങ്കേതങ്ങളിലെ പരിശീലനത്തിന് കഴിഞ്ഞ ഇരുപതു വർഷമായി മോഹൻലാലിൻെറ ഉടമസ്ഥതയിൽ നിലനിൽക്കുന്ന ഇന്ത്യയ്ക്കകത്തെ ഏറ്റവും പ്രമുഖ സ്ഥാപനമാണ് വിസ്മയാസ് മാക്സ് അനിമേഷൻസ്. തികച്ചും വ്യത്യസ്തവും നൂതനവുമായ പ്രവർത്തനരീതികൊണ്ട് കേന്ദ്രസർക്കാരിൻറെ മീഡിയ ആൻറ് എൻറർടൈയിൻമെൻറ് വിഭാഗത്തിൻറെ അംഗീകാരമായ 'സെൻറർ ഓഫ് എക്സലൻസ്' പദവിയും വിസ്മയാസ് മാക്സിൻറെ മാറ്റ് കൂട്ടിയിട്ടുണ്ട്. വിസ്മയാസ് മാക്സിൽ പഠനത്തിനായി പ്രവേശിക്കുന്ന വിദ്യാർത്ഥികളുടെ കരിയർ സംബന്ധിയായ വളർച്ചയ്ക്കൊപ്പം വ്യക്തിത്വവികാസത്തിനും ഊന്നൽ നൽകികൊണ്ടുള്ള വളരെ വിപുലമായ പാഠ്യരീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

ഇൻററനാഷണൽ ബ്ലെൻഡർ ഫൗണ്ടേഷൻറെ ഇന്ത്യയിലെ കോർപ്പറേറ്റ് ട്രെയിനറാണ് വിസ്മയാസ് മാക്സ്, മാത്രമല്ല അനിമേഷൻ വിഷ്വൽ എഫക്ട്സിൽ ആടര., ങടര എന്നിവയോടൊപ്പം ചടഉഇ സർട്ടിഫിക്കറ്റ് കോഴ്സും ചേർത്തിട്ടുണ്ട്. ദൂരെ ദേശങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾക്ക് മികച്ച ലേഡീസ്, ജെൻറ്സ് ഹോസ്റ്റൽ സൗകര്യവും വിസ്മയാസ് മാക്സിൽ ഉണ്ട്. 100% തിയറി/പ്രാക്ടിക്കൽ സിലബസിൽ നടക്കുന്ന ക്ലാസ്സുകളിൽ ഒരുക്കിയിരിക്കുന്ന ഹൈഎൻഡ് ഡിജിറ്റൽ ലാബും മോഷൻ ക്യാപ്ചർ ടെക്നോളജിയും, ഫിലിം പ്രൊഡക്ഷൻ യൂണിറ്റും, സ്റ്റുഡിയോ ഫ്ലോറും ഫ്രഞ്ച് എംബസി അടക്കമുള്ള മികച്ച സ്ഥാപനങ്ങൾ നൽകുന്ന ലാംഗ്വേജ് ക്ളാസ്സുകളും വിസ്മയാസ് മാക്സിൻറെ മാത്രം പ്രത്യേകതയാണ്.

NSDC, ബ്ലെൻഡർ ഫൗണ്ടേഷൻ, മീഡിയ ആൻഡ് എൻറർടൈയിൻമെൻറ് സ്കിൽ കൗൺസിൽ എന്നിവയുടെ അംഗീകാരം വിസ്മയാസ് മാക്സിലെ പഠനത്തെ കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുന്നു. ഇൻഡസ്ട്രിയിലെ ഏറ്റവും മികച്ച പ്രൊഫഷണലുകളാൽ നൽകപ്പെടുന്ന 24 X 7 ട്രെയിനിംഗ് വിദ്യാർത്ഥികൾക്ക് പഠന അവസാനത്തിൽ തന്നെ പ്ലേസ്മെൻറ് ഉറപ്പാക്കിക്കൊടുക്കുന്നു. വർഷങ്ങളുടെ പ്രവർത്തന പരിചയം വിസ്മയാസ് മാക്സിൽ ജോയിൻ ചെയ്യുന്ന വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതവും ഭദ്രവുമാക്കുന്നു.

പുതിയകാല തൊഴിൽ സാഹചര്യങ്ങളിൽ മീഡിയ, സിനിമ, അനിമേഷൻ, ഗയിമിംഗ് മേഖലകളിൽ ഉയർന്ന ശമ്പളത്തോടെ തിളങ്ങാനുള്ള അതിബൃഹത്തായ അവസരമാണ് വിസ്മയാസ് മാക്സിലെ ചിട്ടയോടെയുള്ള കഠിനപരിശീലനത്തിലൂടെ കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന് ലഭിക്കുന്നത്. അനിമേഷൻ വിദ്യാഭ്യാസമെന്നാൽ വിസ്മയാസ് മാക്സിലെ വിദ്യാഭ്യാസം എന്ന് പറയാവുന്ന രീതിയിൽ ഉന്നതഗുണ മേന്മയിലാണ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഈ മികച്ച സ്ഥാപനം.

വിസ്മയാസ്മാക്സ് അനിമേഷൻസിൽ ഈ അദ്ധ്യായന വർഷത്തെ ബിഎസ്സ്സി ,എം.എസ്സ്സി, അനിമേഷൻ & വിഷ്വൽ എഫക്ട്സ് കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. മൂന്നു വർഷത്തെ അന്താരാഷ്ട്ര സിലബസിലുള്ള പരിശീലനത്തിന് ഹോസ്റ്റൽ സൗകര്യവും മികച്ച പ്രൊഡക്ഷൻ ഇൻറേൺഷിപ്പ് ട്രെയിനിംഗും വിദ്യാഭ്യാസ വായ്പാ സൗകര്യവുമുണ്ട്. ഈ കോഴ്സിൽ ചേരുവാനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8281702020, 0471 2727456. ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിനായി www.vismayasmaxanimations.com സന്ദർശിക്കുക.





ജവഹർ ബാലഭവനിലെ അവധികാല ക്ലാസുകളുടെ സമാപനം

# മഞ്ഞുമ്മൽ ബോയ്സ് നിർമാതാക്കൾ നടത്തിയത് ആസൂത്രിതമായ തട്ടിപ്പെന്ന് പോലീസ്; അന്വേഷണ റിപ്പോർട്ട് ഹൈക്കോടതിയിൽ

കൊച്ചി: സാമ്പത്തിക തട്ടിപ്പ് കേസിൽ മഞ്ഞുമ്മൽ ബോയ്സ് സിനിമ നിർമാതാക്കൾക്കെതിരെ പോലീസിൻറെ അന്വേഷണ റിപ്പോർട്ട്. നിർമാതാക്കൾ നടത്തിയത് ആസൂത്രണം ചെയ്തുള്ള തട്ടിപ്പാണെന്നാണ് മരട് പോലീസ് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത്.

ചിത്രത്തിൻറെ നിർമാണത്തിന് ഏഴു കോടി രൂപ മുതൽമുടക്കിയ അരൂർ ചന്തിരൂർ സ്വദേശി സിറാജ് വലിയത്തറ ഹമീദ് നൽകിയ പരാതിയിൽ നിർമാതാക്കളായ ഷോൺ ആൻറണി, സൗബിൻ ഷാഹിർ, ബാബു ഷാഹിർ എന്നിവർക്കെതിരേ കേസെടുത്താണ് മരട് പോലീസ് അന്വേഷണം നടത്തിയത്. ക്രിമിനൽ ഗൂഢാലോചന, വിശ്വാസവഞ്ചന, വ്യാജരേഖ ചമയ്ക്കൽ തുടങ്ങി ജാമ്യമില്ലാ വകുപ്പുകളാണ് നിർമാതാക്കൾക്കെതിരേ ചുമത്തിയത്.ഷൂട്ടിംഗ് തുടങ്ങുന്നതിന് മുൻപേ ആദ്യ ഷെഡ്യൂൾ പൂർത്തിയായെന്ന് പരാതിക്കാരനെ വിശ്വസിപ്പിച്ചു. 22 കോടി രൂപ സിനിമക്കായി ചെലവായെന്ന നിർമാതാക്കളുടെ വാദം കള്ളമാണ്. 18.65 കോടി രൂപ മാത്രമാണ് നിർമാണ ചെലവ്. സിനിമക്കായി നിർമാതാക്കൾ ഒരു രൂപ പോലും മുടക്കിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. വാങ്ങിയ പണത്തിൻറെ ഒരു ഭാഗം പോലും പരാതിക്കാരന് പറവ ഫിലിം കമ്പനി തിരികെ നൽകിയിട്ടില്ല. ചതിക്കാൻ മുൻകൂട്ടി പദ്ധതി ഉണ്ടായിരുന്നു എന്നാണ് ഇതിനർഥം എന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

നേരത്തെ ഹൈക്കോടതി മഞ്ഞുമ്മൽ ബോയ്സ് സിനിമാ നിർമാതാക്കൾക്കെതിരായ വഞ്ചനാക്കേസ് നടപടികൾക്ക് സ്റ്റേ ചെയ്തിരുന്നു. ഒരു മാസത്തേക്ക് ഹൈക്കോടതിയാണ് സ്റ്റേ അനുവദിച്ചത്. പറവ ഫിലിംസിന്റെ പങ്കാളികളിലൊരാളായ ബാബു ഷെഹീർ നൽകിയ ഹർജിയിലായിരുന്നു കോടതി നടപടി.

വഞ്ചനാക്കുറ്റത്തിന് സിനിമയുടെ നിർമാതാക്കളായ ഷോൺ ആൻറണി, സൗബിൻ ഷാഹിർ, ബാബു ഷാഹിർ എന്നിവർക്കെതിരേയാണ് മരട് പോലീസ് കേസെടുത്തിരുന്നു. സിനിമയ്ക്കായി ഏഴ് കോടി മുടക്കി ലാഭ വിഹിതം വാഗ്ദാനം ചെയ്ത് പറ്റിച്ചെന്നാണ് കേസ്. മഞ്ഞുമ്മൽ ബോയ്സ് സിനിമ നിർമാതാക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ എറണാകുളം സബ് കോടതി നേരത്തെ ഉത്തരവിട്ടിരുന്നു.

ചിത്രത്തിൻറെ നിർമാണ കമ്പനിയായ പറവ ഫിലിംസിൻറെയും പാർട്ണർ ഷോൺ ആൻറണിയുടെയും 40 കോടിരൂപയുടെ ബാങ്ക് അക്കൗണ്ടാണ് സബ് കോടതി ജഡ്ജി സുനിൽ വർക്കി മരവിപ്പിച്ചത്.

ചിത്രത്തിൻറെ നിർമാണത്തിന് ഏഴു കോടി രൂപ മുതൽമുടക്കിയ അരൂർ സ്വദേശി സിറാജ് വലിയത്തറ ഹമീദ് സമർപ്പിച്ച ഹർജിയിലായിരുന്നു കോടതിയുടെ ഉത്തരവ്. 40 ശതമാനം ലാഭ വിഹിതം വാഗ്ദാനം ചെയ്തു നിർമാതാക്കൾ പണം കൈപ്പറ്റിയ ശേഷം ലാഭവിഹിതമോ മുതൽമുടക്കോ നൽകാതെ കബളിപ്പിച്ചെന്നാണ് ഹർജി.

ആഗോള തലത്തിൽ ചിത്രം ഇതുവരെ 220 കോടി രൂപ കളക്ഷൻ നേടിയിട്ടുണ്ടെന്നും ഒടിടി പ്ലാറ്റ്ഫോമുകൾ മുഖേനയും ചിത്രം 20 കോടിയോളം രൂപ നേടിയിട്ടുണ്ടെന്നും ഹരജിയിൽ പറയുന്നു. നിർമാതാക്കൾ യാതൊരു തുകയും ചെലവാക്കിയിട്ടില്ലെന്നും 22 കോടി രൂപ ചെലവ് വരുമെന്ന് പറഞ്ഞാണ് ഏഴു കോടി രൂപ വാങ്ങിയതെന്നും ഹരജിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

# പതിനാലുകാരിക്ക് ശസ്ത്രക്രിയ വിജയം; കോട്ടയം മെഡിക്കൽ കോളേജിന് നേട്ടം

സാക്രൽ എജെനെസിസ് (ടമരൃമഹ അഴലിലശെ) കാരണം അറിയാതെ മൂത്രവും മലവും പോകുന്നതുമൂലം ബുദ്ധിമുട്ടിയിരുന്ന 14 വയസുകാരിക്ക് അപൂർവ ശസ്ത്രക്രിയ വിജയകരമായി നടത്തി കോട്ടയം മെഡിക്കൽ കോളേജ്.

നട്ടെല്ലിനോട് ചേർന്നുള്ള ഭാഗത്തെ ശാസ്ത്രക്രിയായതിനാൽ പരാജയപ്പെട്ടാൽ ശരീരം പൂർണമായി തന്നെ തളർന്നുപോകാനും മലമൂത്ര വിസർജനം അറിയാൻ പറ്റാത്ത നിലയിലാകാനും സാധ്യതയുണ്ടായിരുന്നു. അതിസങ്കീർണമായ ഈ ശസ്ത്രക്രിയയാണ് മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം വിജയകരമായി നടത്തിയത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മെഡിക്കൽ സംഘത്തെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സ്കൂൾ ആരോഗ്യ പരിശോധനയ്ക്കായി എത്തിയ ആരോഗ്യകേരളം നഴ്സ് ലീനാ തോമസിന്റെ ഇടപെടലാണ് കുട്ടിയുടെ ജീവിതത്തിൽ വഴിഞ്ഞിരിവായത്. കുട്ടിയുടെ ക്ലബ് ഫൂട്ടിനെകുറിച്ചും ചികിത്സയെക്കുറിച്ചും സംസാരിച്ച് പിരിയുമ്പോൾ പെട്ടെന്നാണ് കുട്ടി ഡയപ്പെർ ധരിച്ചിരിക്കുന്നത് ശ്രദ്ധിച്ചത്.

കൂടുതൽ അന്വേഷിച്ചപ്പോഴാണ് തന്റെ ജന്മനായുള്ള അസുഖത്തെ കുറിച്ച് നഴ്സിനോട് പറയുന്നത്. അറിയാതെ മൂത്രവും മലവും പോകുന്നതുമൂലം ദിവസവും 5 മുതൽ 6 വരെ ഡയപ്പെർ ധരിച്ചാണ് ഓരോ ദിവസവും തള്ളിനീക്കിയിരുന്നത്.

നട്ടെല്ലിലെ താഴ് ഭാഗത്തെ എല്ല് പൂർണമായി വളരാത്തതുമൂലം ആ ഭാഗത്തെ നാഡികൾ വളർച്ച പ്രാപിക്കാതെ അവ തൊലിയോട് ഒട്ടിച്ചേർന്നിരിക്കുന്ന ഒരു അപൂർവ്വ അവസ്ഥയാണ് ഈ രോഗം. അഞ്ച് വയസുള്ളപ്പോൾ മാതാപിതാക്കൾ കോട്ടയത്തെ പ്രമുഖ സ്വകാര്യ ആശുപത്രിയിൽ കാണിച്ചിരുന്നെങ്കിലും ശസ്ത്രക്രിയ സങ്കീർണമായതിനാൽ ജന്മനായുള്ള ഈ അസുഖത്തിന് പരിഹാരമില്ലെന്ന് കണ്ട് ചികിത്സ ഉപേക്ഷിക്കുകയായിരുന്നു.

നഴ്സ് ലീനാ തോമസ് ജില്ലാ ആർ.ബി.എസ്.കെ കോ ഓർഡിനേറ്റർക്ക് സ്ക്രീനിംഗ് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ സർക്കാരിന്റെ വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സൗജന്യ വിദഗ്ധ ചികിത്സക്കുള്ള തയാറെടുപ്പുകൾ ആരംഭിക്കുകയായിരുന്നു. സ്വകാര്യ ആശുപത്രികളിൽ അതിസങ്കീർണമായ ഈ ശസ്ത്രക്രിയക്ക് കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും ചെലവ് വരും. ആശുപത്രിയിൽ കൂട്ടിരിക്കാൻ ആശാ പ്രവർത്തക ഗീതാമ്മയുടെ പ്രേരണയിൽ നാട്ടിൽ നിന്ന് തന്നെ ഒരു സ്പോൺസറെ കണ്ടാത്താനും കഴിഞ്ഞതോടെ ചികിത്സ ആരംഭിക്കുകയായിരുന്നു.

മെയ് 24ന് കോട്ടയം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം തലവൻ ഡോ. ബിജു കൃഷ്ണന്റെ നേതൃത്വത്തിൽ അസോ. പ്രൊഫസർ ഡോ. ഷാജി മാത്യു, അസി. പ്രൊഫസർ ഡോ. ടിനു രവി എബ്രഹാം എന്നിവരും അനസ്തേഷ്യ വിഭാഗം മേധാവി ഡോ. ലത. ജെ എന്നിവരടങ്ങുന്ന സംഘമാണ് ഏഴു മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

# ആ 'ആവേശം' വൈറലായില്ല; കാർ കുളമാക്കിയ യൂട്യൂബർ കുടുങ്ങി

ആലപ്പുഴ: ആവേശം ചലച്ചിത്രത്തിലെ രംഗം അനുകരിച്ച് വാഹനത്തിനുള്ളിൽ സ്വിമ്മിംഗ് പൂൾ ഒരുക്കിയ യൂട്യൂബർക്കെതിരേ നടപടിയുമായി മോട്ടോർ വാഹനവകുപ്പ്. സഞ്ജു ടെക്കി എന്നയാൾക്കെതിരേയാണ് ആലപ്പുഴ എൻഫോഴ്സ്മെൻറ് ആർടിഒ നടപടി എടുത്തത്.

ഇയാൾ സഫാരി കാറിനുള്ളിൽ സ്വിമ്മിംഗ് പൂൾ ഒരുക്കി യാത്ര നടത്തുകയായിരുന്നു. സ്വിമ്മിംഗ് പൂൾ സജ്ജീകരിച്ച വാഹനം പൊതുനിരത്തിൽ ഓടിച്ചതോടെയാണ് നടപടിയെടുത്തിരിക്കുന്നത്. വാഹനം പിടിച്ചെടുത്ത അധികൃതർ കാർ ഉടമയുടെയും ഡ്രൈവറുടെയും ലൈസൻസ് റദ്ദാക്കിയതായാണ് വിവരം.

വാഹനത്തിലെ സ്വിമ്മിംഗ് പൂൾ പ്രകടനങ്ങൾ സഞ്ജു യൂട്യൂബിൽ അപ്ലോഡ് ചെയ്തിരുന്നു. കാറിൻറെ പിൻഭാഗത്തെ സീറ്റ് അഴിച്ചുമാറ്റി സ്വിമ്മിംഗ് പൂൾ സജ്ജമാക്കുകയായിരുന്നു. ടർപോളിൻ ഷീറ്റ് വലിച്ചുകെട്ടി അതിലാണ് വെള്ളം നിറച്ചത്. വാഹനത്തിലെ സ്വിമ്മിംഗ് പൂളിൻറെ മർദം കൊണ്ട് എയർബാഗ് പുറത്തേക്ക് വന്നിരുന്നു. തുടർന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി കളയുകയായിരുന്നു.വീഡിയോ പുറത്തുവന്നതിന് പിന്നാലെയാണ് നടപടിയുമായി മോട്ടോർ വാഹന വകുപ്പ് രംഗത്തെത്തിയത്. സംഭവുമായി ബന്ധപ്പെട്ട് പകൽ 10ന് ആലപ്പുഴ ആർടി ഓഫീസിൽ ഹാജരാകാൻ ഇയാളോട് അധികൃതർ നിർദേശിച്ചു. വരുമാന മാർഗത്തിനാണ് ഇങ്ങനെ ചെയ്തതെന്നാണ് സഞ്ജു ടെക്കി പറയുന്നത്.

## ഗസ്റ്റ് അധ്യാപക അഭിമുഖം

ആറ്റിങ്ങൽ സർക്കാർ കോളേജിൽ മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, അറബിക് വിഭാഗങ്ങളിൽ 202425 അധ്യയന വർഷത്തേക്കുള്ള ഗസ്റ്റ് അധ്യാപക നിയമനത്തിനായി അഭിമുഖം നടത്തുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മാത്തമാറ്റിക്സ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ മേയ് 29നു രാവിലെ 10നും, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ ഉച്ചയ്ക്ക് 1.30നും, ഫിസിക്സ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ 30നു രാവിലെ 10നും, അറബിക് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾ 31നു രാവിലെ 10നും അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ആയത് ഉൾപ്പെടെ) പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം.

## ഹെൽപ്പ് ഡെസ്ക്

സംസ്ഥാനത്തെ 202425 അധ്യയന വർഷത്തെ ഡിപ്ലോമ കോഴ്സുകളുടെ അഡ്മിഷൻ സംബന്ധിച്ചു തിരുവനന്തപുരം എൽ. ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ പൂജപ്പുരയിൽ ഹെല്പ് ഡെസ്ക് പ്രവർത്തനം തുടങ്ങി.

വിദ്യാർഥികൾക്ക് എല്ലാ പ്രവൃത്തി ദിവസങ്ങളിലും കോളേജിൽ നേരിട്ട് ഹാജരായി ഹെല്പ് ഡെസ്ക്കിന്റെ സേവനം നേടാം. കൂടുതൽ വിവരങ്ങൾക്ക് : 9995595456, 9497000337, 9744690855,9447329978, 9495310477.

## മസാല ബോണ്ട് ഫെമ നിയമ ലംഘനം: ഇഡി സമൻസ് ചോദ്യംചെയ്തുള്ള ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും

കൊച്ചി: കിഫ്ബി മസാല ബോണ്ടിലെ ഫെമ നിയമ ലംഘനവുമായി ബന്ധപ്പെട്ട് ഇഡി അയച്ച സമൻസ് ചോദ്യം ചെയ്തുള്ള ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും. മുൻ ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിൻറെയും കിഫ്ബിയുടെയും ഹർജികളാണ് കോടതി പരിഗണിക്കുന്നത്. ജസ്റ്റീസ് ടി.ആർ. രവി അധ്യക്ഷനായ സിംഗിൾ ബെഞ്ചിൻറെ മുന്നിലാണ് ഹർജി എത്തുന്നത്.

കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ടിലെ ഫെമ നിയമലംഘനം സംബന്ധിച്ച് തോമസ് ഐസക്കിന് അറിയാമായിരുന്നു എന്നാണ് ഇഡിയുടെ വാദം. ഇക്കാര്യത്തിൽ തെളിവുകളുണ്ട്. തോമസ് ഐസക്കിനെ ചോദ്യംചെയ്താൽ മാത്രമേ വ്യക്തത വരൂ എന്നാണ് ഇഡിയുടെ പക്ഷം.

എന്നാൽ ഫെമ നിയമ ലംഘനം അന്വേഷിക്കാൻ ഇഡിക്ക് അധികാരമില്ലെന്നാണ് തോമസ് ഐസക്ക് ചൂണ്ടിക്കാട്ടുന്നത്. മന്ത്രിയായിരുന്നത് മൂന്ന് വർഷം മുൻപാണെന്നും കിഫ്ബിയുടെ തീരുമാനങ്ങളെ കുറിച്ച് കൂടുതൽ ഒന്നും പറയാനില്ലെന്നായിരുന്നു തോമസ് ഐസക്കിൻറെ വാദം.

ഫെമ നിയമലംഘനത്തിൽ അന്വേഷണം നടത്താൻ ഇഡിക്ക് അധികാരമില്ലെന്നും ഹർജിയിൽ പറയുന്നു. ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് കൈമാറിയെന്നാണ് കിഫ്ബിയുടെ വിശദീകരണം.

നേരത്തെ, തെരഞ്ഞെടുപ്പ് കാലത്ത് തോമസ് ഐസക്കിനെ ചോദ്യംചെയ്യുന്നത് ഹൈക്കോടതി തടഞ്ഞിരുന്നു. ചോദ്യം ചെയ്യണമെങ്കിൽ തെരഞ്ഞെടുപ്പ് കഴിയട്ടെയെന്നായിരുന്നു കോടതി വ്യക്തമാക്കിയത്. ഇത് ചോദ്യംചെയ്ത് ഇഡി ഡിവിഷൻ ബെഞ്ചിനെ സമീപിച്ചെങ്കിലും തിരിച്ചടിയായിരുന്നു ഫലം. ഇതിന് ശേഷം ആദ്യമായാണ് ഹർജി വീണ്ടും സിംഗിൾ ബെഞ്ചിന് മുന്നിൽ എത്തുന്നത്.

## കഞ്ചിക്കോട് സർവേയ്ക്കെത്തിയ ഉദ്യോഗസ്ഥരെ വിരട്ടിയോടിച്ച് കാട്ടാനക്കൂട്ടം

പാലക്കാട്: പരിസ്ഥിതിലോല പ്രദേശങ്ങളുടെ സർവേയുമായി ബന്ധപ്പെട്ട് പരിശോധനക്കെത്തിയ ഉദ്യോഗസ്ഥരെ കാട്ടാനക്കൂട്ടം വിരട്ടിയോടിച്ചു. കഞ്ചിക്കോട് പയറ്റുകാട് മേഖലയിലാണ് സംഭവം. പിടി 5, പിടി 14 എന്നീ ആനകളാണ് ഉദ്യോഗസ്ഥരെ വിരട്ടിയത്. ആന മുന്നിലെത്തിയതോടെ ഉദ്യോഗസ്ഥർ തിരിഞ്ഞ് ഓടുകയായിരുന്നു.

പുതുശേരി പഞ്ചായത്തിലെ ചാവടിപ്പാറ മുതൽ അയ്യപ്പൻമല വരെയുള്ള പ്രദേശം പരിസ്ഥിതിലോല മേഖലയാണ്. ഇതിൽ പയറ്റുകാട്, പൊട്ടാമുട്ടി, അയ്യപ്പൻമല തുടങ്ങിയ പ്രദേശങ്ങളിൽ സർവേ പൂർത്തിയായിട്ടില്ല.

ഇതിനായാണ് അധികൃതർ ഈ മേഖലയിലെത്തിയത്. എന്നാൽ മൂന്ന് ദിവസം പരിശ്രമിച്ചിട്ടും ആനകൾ മേഖല വിട്ടുപോയില്ല. ഇതോടെ സർവേ നടപടികൾ ഉപേക്ഷിച്ച് ഉദ്യോഗസ്ഥർ തിരികെപോയി.

## 500 വ്യാജപട്ടയം ഉണ്ടാക്കിയാൽ 500 കേസുകൾ വേണ്ടേ; മൂന്നാർ കേസിൽ സർക്കാരിനെ വിമർശിച്ച് ഹൈക്കോടതി

കൊച്ചി: മൂന്നാർ ഭൂമി കൈയേറ്റം സംബന്ധിച്ച കേസിൽ സംസ്ഥാന സർക്കാരിനെതിരേ അതിരൂക്ഷ വിമർശനവുമായി ഹൈക്കോടതി. വ്യാജ പട്ടയക്കേസിൽ എം.ഐ. രവീന്ദ്രനെതിരേ എന്ത് നടപടി സ്വീകരിച്ചെന്ന് കോടതി ആരാഞ്ഞു.

രവീന്ദ്രന് മാത്രമായി വ്യാജ പട്ടയം ഉണ്ടാക്കാനാകില്ല. 500 വ്യാജപട്ടയം ഉണ്ടാക്കിയാൽ 500 കേസുകൾ വേണ്ടേ എന്ന് കോടതി ചോദിച്ചു. വ്യാജപട്ടയ കേസിൽ ഗൂഢാലോചന കുറ്റം മാത്രം ചുമത്തിയത് തൃപ്തികമല്ല. നടന്നത് വൻ അഴിമതിയാണെന്നും കോടതി നിരീക്ഷിച്ചു.42 ഭൂമി കേസുകളിൽ സർക്കാർ കോടതിയിൽ തോറ്റു. എന്നിട്ടും എന്ത് കൊണ്ട് അപ്പീൽ ഫയൽ ചെയ്തില്ലെന്നും കോടതി ചോദിച്ചു. കേസിൽ സിബിഐയെ സ്വമേധയാ കക്ഷി ചേർക്കും. എന്നാൽ കേസ് സിബിഐയ്ക്ക് വിടുന്നതിന് മുമ്പ് അഡ്വക്കേറ്റ് ജനറലിനെ കേൾക്കുമെന്നും ഹൈക്കോടതി വ്യക്തമാക്കി.

# ഉയർന്ന തിരമാല, കടലാക്രമണം; കേരള തീരത്ത് ജാഗ്രതാ നിർദേശം

തിരുവനന്തപുരം: കേരള തീരത്ത് വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ ഇന്നു രാത്രി 11.30 വരെ 3.0 മുതൽ 3.3 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും അതിൻറെ വേഗം സെക്കൻഡിൽ 55 രാ നും 70 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രത്തിൻറെ മുന്നറിയിപ്പ്.തെക്കൻ തമിഴ്നാട് തീരത്ത് കുളച്ചൽ മുതൽ കിലക്കരൈ വരെ ഇന്ന് രാത്രി 11.30 വരെ 3.0 മുതൽ 3.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

അതേസമ!യം, തെക്കൻ കേരളതീരം, ലക്ഷദ്വീപ് തീരം എന്നിവിടങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എന്നാൽ, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല.

ഇന്നും വെള്ളിയാഴ്ചയും തെക്കൻ കേരള തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

ഇന്ന് ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

വ്യാഴാഴ്ച ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## അഭിമുഖം ജൂൺ അഞ്ചിന്

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജി വിഭാഗത്തിൽ ട്രേഡ്സ്മാൻ, ലക്ചറർ തസ്തികകളിലെ താത്ക്കാലിക ഒഴിവിലേക്കുള്ള അഭിമുഖം ജൂൺ അഞ്ചിനു രാവിലെ 10ന് കോളേജിൽ നടത്തും. നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ (www.cp-t.a-c.in) ലഭിക്കും.

# കെഎസ്ആർടിസി ബസിൽ യുവതി പ്രസവിച്ചു

തൃശൂർ: കെഎസ്ആർടിസി ബസിനുള്ളിൽ യുവതി കുഞ്ഞിന് ജന്മം നൽകി. തിരുനാവായ സ്വദേശിനിയായ സെറീന (37) ആണ് ബസിനുള്ളിൽ പ്രസവിച്ചത്.

യുവതിയുടെ അഞ്ചാമത്തെ കുഞ്ഞിൻറെ ജനനമാണ് അപ്രതീക്ഷിതമായി കെഎസ്ആർടിസി ബസിനുള്ളിൽ സംഭവിച്ചത്.

തൃശൂർ പേരാമംഗലത്ത് വച്ച് ഉച്ചയ്ക്ക് 1.30 ഓടെയായിരുന്നു സംഭവം. അങ്കമാലിയിൽ നിന്നും തൊട്ടിൽപാലത്തേക്ക് പോയ ഫാസ്റ്റ് പാസഞ്ചർ ബസിലാണ് കുഞ്ഞ് ജനിച്ചത്.

പേരാമംഗലം പോലീസ് സ്റ്റേഷന് മുന്നിൽ ബസ് എത്തിയപ്പോഴാണ് യുവതിക്ക് പ്രസവ വേദനയുണ്ടായത്. പിന്നാലെ ബസ് തൃശൂർ അമല മെഡിക്കൽ കോളജിലേക്ക് എത്തിച്ചു. യുവതിക്കൊപ്പം ബന്ധുക്കളാരും ഉണ്ടായിരുന്നില്ല.

ആശുപത്രിയിൽ എത്തിച്ചെങ്കിലും യുവതിയെ ബസിൽ നിന്നും പുറത്തെത്തിക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു. പിന്നീട് ആശുപത്രി ജീവനക്കാർ ബസിനുള്ളിൽ കയറി പ്രസവം പൂർത്തിയാക്കുകയായിരുന്നു.

യുവതിയെയും കുഞ്ഞിനെയും തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. അമ്മയും കുഞ്ഞും സുഖമായിരിക്കുന്നുവെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

# ലോക ക്ഷീരദിനം ആഘോഷിക്കാനും ഭാവിയിലെ വളർച്ചയ്ക്കുമായുള്ള അവസരം



***കെ എസ് മണി ചെയർമാൻ കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ)***

ജൂൺ ഒന്ന് ലോക ക്ഷീരദിനമായി ആഘോഷിക്കുന്നത് ഏവർക്കും അറിവുള്ള കാര്യമാണല്ലോ. സാധാരണക്കാരന് ഏറ്റവും എളുപ്പത്തിലും ചെലവു കുറഞ്ഞും ലഭിക്കുന്ന പോഷകാഹാരണമാണ് പാലും പാലുൽപ്പന്നങ്ങളും.

പ്രാചീന നദീതട സംസ്ക്കാരകാലങ്ങൾ മുതൽ തന്നെ പശുവളർത്തൽ ഇന്ത്യയിൽ ബഹുമാന്യമായ തൊഴിലായിരുന്നു. ഇന്ന് ലോകത്ത് ഏറ്റവും വലിയ ക്ഷീരോത്പാദകർ ഇന്ത്യയാണെന്നുള്ളത് അഭിമാനിക്കാവുന്ന വസ്തുതയാണ്. ആഗോള പാലുൽപ്പാദനത്തിൻറെ 24.64 ശതമാനമാണ് ഈ മേഖലയിൽ ഇന്ത്യയുടെ സംഭാവന.

ക്ഷീരവിപ്ലവത്തിലൂടെയാണ് മിന്നുന്ന ഈ നേട്ടം ഇന്ത്യ കൈവരിച്ചത്. ത്രിഭുവൻദാസ് പട്ടേലും ക്ഷീരവിപ്ലവത്തിൻറെ പിതാവെന്നറിയപ്പെടുന്ന മലയാളി വർഗീസ് കുര്യനും ചേർന്നുണ്ടാക്കിയ സഹകരണ പ്രസ്ഥാനത്തിലൂടെയാണ് ഓരോരുത്തരും ഈ വിപ്ലവത്തിൻറെ ഭാഗഭാക്കായത്.

ഇതോടൊപ്പം തന്നെ രാജ്യത്തെ ദശലക്ഷക്കണക്കിന് വരുന്ന ക്ഷീരകർഷകരും തുല്യമായ പ്രാധാന്യമർഹിക്കുന്നു. ക്ഷീരമേഖലയിൽ രാജ്യം കൈവരിച്ചിട്ടുള്ള നേട്ടത്തിലൂടെ വിശേഷിച്ച് ഗ്രാമപ്രദേശങ്ങളിലെ സാമൂഹികസാമ്പത്തിക അവസ്ഥ വലിയ തോതിൽ മെച്ചപ്പെട്ടു.

കേരളത്തിലെ ക്ഷീരമേഖയുടെ വളർച്ച കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്) അഥവാ മിൽമയുമായി ബന്ധപ്പെട്ടു കിടക്കുന്നു. വർഗീസ് കുര്യൻറെ പ്രവർത്തന മാതൃകയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട മിൽമ ഇന്ന് രാജ്യത്തെ ഏറ്റവും വലിയ ക്ഷീരസഹകരണ ശൃംഖലകളിൽ ഒന്നാണ്.

കഴിഞ്ഞ വർഷം മിൽമയുടെ പ്രവർത്തനങ്ങൾക്ക് ദേശീയ അംഗീകാരങ്ങളുടെ പെരുമഴക്കാലം ആയിരുന്നു. ഇന്ത്യയിൽ തന്നെ അറിയപ്പെടുന്ന ഒരു മിൽക്ക് ഫെഡറേഷനായി മിൽമ ഇന്ന് മാറിക്കഴിഞ്ഞു. ഇന്ത്യയിലെ ഏറ്റവും അണുഗുണനിലവാരം കൂടിയ പാൽ, മികച്ച ക്ഷീര സംഘങ്ങൾക്കുള്ള ദേശീയ പുരസ്കാരം, ഊർജ്ജ സംരക്ഷണ രംഗത്തെ ദേശീയ അവാർഡുകൾ, ആയുർവ്വേദ വെറ്ററിനറി മരുന്നുകൾ പ്രചരിപ്പിച്ചതിൽ പ്രധാനമന്ത്രിയുടെ പ്രശംസ, കാലാവസ്ഥ വ്യതിയാന ഇൻഷുറൻസ് രാജ്യത്തു ആദ്യമായി നടപ്പിലാക്കിയ ക്ഷീര സഹകരണ പ്രസ്ഥാനം എന്നിവ മിൽമയുടെ അടുത്ത കാലത്തുള്ള നേട്ടങ്ങളിൽ ചിലത് മാത്രമാണ്.

ക്ഷീരകർഷകർക്ക് ഏറ്റവും കൂടുതൽ വില നൽകുന്നത് നമ്മൾ ആണെങ്കിലും ഉത്പാദന ചെലവ് കൂടുതലുള്ള സംസ്ഥാനവും നമ്മുടേതാണ്. അതുകൊണ്ടു ഉത്പാദന ചെലവ് കുറക്കാനുള്ള പദ്ധതികളിലൂടെയും, ഉത്പാദന ക്ഷമത വർധിപ്പിച്ചും നമുക്ക് സ്വയം പര്യാപതത കൈവരിക്കേണ്ടതുണ്ട്.

മലബാർ, എറണാകുളം, തിരുവനന്തപുരം എന്നിങ്ങനെ മൂന്ന് മേഖലാ സംഘങ്ങളിലെ 3300 പ്രാഥമിക സഹകരണ സംഘങ്ങളിലായി 12 ലക്ഷത്തോളം ക്ഷീരകർഷകരാണ് മിൽമയ്ക്കുള്ളത്. ഏപ്രിൽ മാസത്തിൽ മിൽമയുടെ പ്രതിദിന സംഭരണം 10.31 ലക്ഷം ലിറ്ററും വിൽപന 17.56 ലക്ഷം ലിറ്ററുമായിരുന്നു. കുറവു വരുന്നത് അയൽസംസ്ഥാനത്ത് നിന്ന് നികത്തുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്ഷീരമേഖലയിൽ ഗണ്യമായ വളർച്ചയാണ് മിൽമ കൈവരിച്ചിട്ടുള്ളത്. 202324 ൽ 4,311 കോടി രൂപയാണ് മിൽമയുടെ മൊത്ത വരുമാനം. കൊവിഡ് പ്രതിസന്ധി തരണം ചെയ്താണ് ഈ നേട്ടമെന്നും ഓർക്കേണ്ടതാണ്.

ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച പ്രധാന ഘടകം റിപൊസിഷനിംഗ് മിൽമ എന്ന ബ്രാൻഡ് നവീകരണമാണ്. ചോക്ലേറ്റ്, ബട്ടർ ബിസ്ക്കറ്റ്, ഇൻസ്റ്റൻറ് ഭക്ഷ്യപദാർത്ഥങ്ങൾ എന്നീ പുതിയ ഉത്പന്നങ്ങൾക്ക് പുറമെ പാലിൻറെ തരംതിരിക്കൽ, വില ക്രമീകരിക്കൽ തുടങ്ങിയവ ഈ ഉദ്യമത്തിൽ ഉൾപ്പെട്ടിരിക്കുന്നു. മിൽമയുടെ വിപണി സാന്നിദ്ധ്യം വിപുലീകരിക്കുന്നതിന് ഇത് ഏറെ സഹായകരമായി.

വിപണി വിപുലീകരണം, ക്ഷീരകർഷകരുടെ ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയിൽ സംസ്ഥാന സർക്കാർ മിൽമയ്ക്ക് നൽകിയ പിന്തുണ വളരെ വലുതാണ്.

ക്ഷീരകർഷകരോടുള്ള പ്രതിബദ്ധതയും ഉപഭോക്താക്കളുടെ വിശ്വാസവുമാണ് മിൽമയുടെ ഉയർച്ചയുടെ രണ്ട് തൂണുകൾ. പ്രതിസന്ധി ഘട്ടത്തിൽ പോലും കർഷകരുടെ പ്രയത്നത്തിന് ഏറ്റവും ഉയർന്ന വില തന്നെ ലഭിച്ചുവെന്ന് മിൽമ ഉറപ്പു വരുത്തി. അതോടൊപ്പം ഉപഭോക്താക്കൾക്ക് ഒരു ദിവസം പോലും മുടക്കം വരുത്താതെ പാലും പാലുൽപ്പന്നങ്ങളും ലഭ്യമാക്കുകയും ചെയ്തു.

സഹരണ ഫെഡറലിസത്തിൻറെ ആധാരശിലയിൽ ഊന്നി നിന്നു കൊണ്ടാണ് രാജ്യത്ത് ക്ഷീരസഹകരണ മേഖല നിലനിൽക്കുന്നത്. എന്നാൽ ഈ ആധാരശിലയെ തകർക്കുന്നവിധം ആശാസ്യമല്ലാത്ത ശ്രമങ്ങൾ ചില കോണുകളിൽ നിന്നുണ്ടായി. മിൽമ ചെയർമാനെന്ന നിലയിൽ ഇത്തരം കാര്യങ്ങൾ ദേശീയ വേദികളിൽ ഞാൻ ചൂണ്ടിക്കാണിച്ചു. ഭൂരിഭാഗം പങ്കാളികളിൽ നിന്നും വലിയ പിന്തുണയാണ് ഈ നിലപാടിന് ലഭിച്ചത്.

ആഘോഷിക്കുന്നതിനോടൊപ്പം ഭാവിയെക്കുറിച്ച് ചിന്തിക്കാനുമുള്ളതാണ് ലോക ക്ഷീരദിനം. നേട്ടങ്ങളുടെ ശീതളിമയിൽ മയങ്ങാൻ നമ്മുക്കാകില്ല. സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ച കൈവരിക്കാൻ നമ്മുക്കാകണം. ഉത്പാദനക്ഷമത കൂട്ടുകയെന്നതാണ് ഈ ദിശയിലേക്കുള്ള പ്രധാന കാൽവയ്പ്പ്. അതോടൊപ്പം വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും വേണം. ആഗോളതലത്തിലെ നല്ല മാതൃകകൾ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയാൽ വലിയ ഉയരങ്ങളിലെത്താൻ രാജ്യത്തെ ക്ഷീരമേഖലയ്ക്ക് സാധിക്കും.

## വന്യജീവി സംഘർഷം കുറയ്ക്കാൻ സംസ്ഥാനത്ത് ഒമ്പത് റാപ്പിഡ് റെസ്പോൺസ് ടീമുകൾ

തിരുവനന്തപുരം: സംസ്ഥാനത്ത് മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഒമ്പത് റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർആർടി) രൂപീകരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഇതിൻറെ നടത്തിപ്പിനായി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ എന്നിവയുടെ ഒമ്പതു തസ്തികകൾ വീതം സൃഷ്ടിക്കുന്നതിനും മന്ത്രിസഭ അനുമതി നൽകി.

തിരുവനന്തപുരം ഡിവിഷനിൽ പാലോട്, പുനലൂർ ഡിവിഷനിൽ തെന്മല, കോട്ടയം ഡിവിഷനിൽ വണ്ടൻപതാൽ, മാങ്കുളം ഡിവിഷനിൽ കടലാർ, കോതമംഗലം ഡിവിഷനിൽ കോതമംഗലം എന്നിവിടങ്ങളിൽ ആർആർടികൾ രൂപീകരിക്കും.

കൂടാതെ, ചാലക്കുടി ഡിവിഷനിൽ പാലപ്പിള്ളി, നെന്മാറ ഡിവിഷനിൽ കൊല്ലങ്കോട്, നിലമ്പൂർ സൗത്ത് ഡിവിഷനിൽ കരുവാരക്കുണ്ട്, നോർത്ത് വയനാട് ഡിവിഷനിൽ മാനന്തവാടി എന്നിവിടങ്ങളിലുമാണ് പുതുതായി രൂപീകരിക്കുന്ന ആർആർടികൾ.

## മദ്യപിച്ച് വാക്കേറ്റം: വട്ടിയൂർക്കാവിൽ ഒരാൾക്കു വെട്ടേറ്റു

പേരൂർക്കട: വട്ടിയൂർക്കാവിൽ മദ്യപിച്ചുണ്ടായ തർക്കത്തിനിടെയുള്ള ആക്രമണത്തിൽ ഒരാൾക്കു വെട്ടേറ്റു. തൊഴുവൻകോട് ബംഗ്ലാവുവിളയിൽ ഒറ്റയ്ക്കു താമസിച്ചുവരുന്ന എരുമ രാജേഷ് എന്നുവിളിക്കുന്ന രാജേഷിനാണ് വെട്ടേറ്റത്.

ഇന്നലെ വൈകുന്നേരം 4.30നാണ് സംഭവം. ഇയാളുടെ വീട്ടിൽ ഉണ്ടായിരുന്ന സുഹൃത്തായ ഉണ്ണിയാണ് രാജേഷിനെ വെട്ടിപ്പരിക്കേൽപ്പിച്ചതെന്നു പോലീസ് പറഞ്ഞു. വീട്ടിലിരുന്ന് മദ്യപിക്കുന്നതിനിടെയുണ്ടായ തർക്കമാണ് ആക്രമണത്തിൽ കലാശിച്ചത്. രാജേഷിൻറെ തലയ്ക്കും നെഞ്ചിനുമാണ് വെട്ടേറ്റത്. ഇയാളെ തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് സാരമുള്ളതാണ്. രാജേഷും ഉണ്ണിയും നിരവധി കേസുകളിലെ പ്രതിയാണെന്ന് പോലീസ് പറഞ്ഞു. ഉണ്ണിയെ കണ്ടെത്തുന്നതിനായി അന്വേഷണം ഊർജിതമാക്കിയതായി വട്ടിയൂർക്കാവ് പോലീസ് അറിയിച്ചു.

## എക്സാലോജിക്കിന് അബുദാബിയിൽ ബാങ്ക് അക്കൗണ്ട്; കൈകാര്യംചെയ്തിരുന്നത് വീണയും സുനീഷും: ഷോൺ ജോർജ്

തിരുവനന്തപുരം: കരിമണൽ കമ്പനിയായ സിഎംആർഎൽ ഉൾപ്പെട്ട പണമിടപാടു കേസിൽ കൂടുതൽ ആരോപണങ്ങളുമായി പരാതിക്കാരിൽ ഒരാളായ ഷോൺ ജോർജ്. നിലവിൽ അന്വേഷണം നടക്കുന്ന സിഎംആർഎൽഎക്സാലോജിക്ക് ഇടപാടിൽനിന്നുള്ള വലിയ തുക അബുദാബിയിലെ കൊമേഷ്യൽ ബാങ്ക് അക്കൗണ്ടിലാണു സൂക്ഷിച്ചിരുന്നതെന്നും ഷോൺ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

എക്സാലോജിക് കൺസൾട്ടിംഗ്, മീഡിയ സിറ്റി, യുഎഇ എന്ന പേരിലുള്ള അക്കൗണ്ടിലേക്കാണ് പണം പോയിരിക്കുന്നത്. വീണാ തൈക്കണ്ടിയിൽ, എം.സുനീഷ് എന്നിവരാണ് 2016 മുതൽ 2019 വരെ ഈ അക്കൗണ്ട് കൈകാര്യം ചെയ്തിരുന്നത്. ശരാശരി 10 കോടി രൂപ വരെ ഈ അക്കൗണ്ടിൽ എപ്പോഴും ഉണ്ടായിരുന്നുവെന്നും ഇതുവഴി വലിയ തുക യുഎസിലെ വിവിധ അക്കൗണ്ടുകളിലേക്ക് മാറ്റിയെന്നും ഷോൺ കൂട്ടിച്ചേർത്തു.

എ സ് എൻ സി ലാവ്!ലിൻ, കൺസൾട്ടിംഗ് കമ്പനിയായ പ്രൈസ്! വാട്ടർ ഹൗസ് കൂപ്പർ എന്നിവയിൽ നിന്ന് എക്സാലോജിക്കിൻറെയും മീഡിയ സിറ്റിയുടെയും അക്കൗണ്ടിലേക്ക് പണം വന്നിട്ടുണ്ട്. പ്രൈസ് വാട്ടർഹൗസ് കൂപ്പറുമായുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം.ശിവങ്കറിൻറെ കാലത്തു തന്നെ വിവാദമായതാണ്. സ്വർണക്കടത്ത് കേസിലെ മുഖ്യപ്രതി സ്വപ്ന സുരേഷിൻറെ നിയമനവുമായി ബന്ധപ്പെട്ട് അവർ പുറത്തു പറഞ്ഞ കാര്യങ്ങൾ സത്യമാണെന്ന് തെളിയുന്നതായും ഷോൺ പറഞ്ഞു.

അക്കൗണ്ടിലേക്കെത്തിയ കോടികൾക്ക് കരിമണൽ കമ്പനിയായ സിഎംആർഎൽ ഉൾപ്പടെയുള്ളവയിൽ നിന്ന് ലഭിച്ച പണവുമായി ബന്ധമുണ്ടെന്നാണ് സംശയിക്കുന്നത്. ആദായനികുതി റിട്ടേണിൽ വിദേശത്തുള്ള അക്കൗണ്ടിനെ കുറിച്ച് വീണ വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ വലിയ കുറ്റകൃത്യമാണ് ചെയ്തിരിക്കുന്നതെന്നും ഷോൺ കൂട്ടിച്ചേർത്തു.

തനിക്ക് ലഭിച്ച വിവരങ്ങൾ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്, കേന്ദ്ര കോർപറേറ്റ് മന്ത്രാലയം, എസ്എഫ്ഐഒ എന്നിവർക്ക് കൈമാറിയിട്ടുണ്ട്. ഈ വിവരങ്ങൾ ഏപ്രിൽ 19ന് ചെന്നൈയിലെ ഇഡി സ്പെഷൽ ഡയറക്ടർക്കു നൽകി. മറ്റൊരാൾ നൽകിയ വിവരങ്ങളാണിതെന്നും അന്വേഷണത്തിന് ഗുണകരമാകുമെന്നു കരുതുന്നതിനാലാണ് അധികൃതർക്കു സമർപ്പിക്കുന്നതെന്നും ഷോൺ പറഞ്ഞു.

ഇക്കാര്യങ്ങളാണ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയനെതിരെയാണു താൻ തെളിവുകൾ പുറത്തു വിടുന്നതെന്നും തെറ്റാണെന്ന് തെളിഞ്ഞാൽ മാനനഷ്ടത്തിന് കേസു കൊടുക്കാമെന്നും ഷോൺ പറഞ്ഞു.

## പത്തനംതിട്ടയിൽ മഴ കനത്തു, 40 ശതമാനം അധികമഴ: നദികളിൽ ജലനിരപ്പുയർന്നു

പത്തനംതിട്ട: രണ്ടുദിവസത്തെ ഇടവേളയ്ക്കുശേഷം മഴ വീണ്ടും ശക്തമായി. ഇന്ന് ജില്ലയിൽ ഓറഞ്ച് അലർട്ടാണ്. തിങ്കളാഴ്ച രാത്രിയും ഇന്നലെ പകലുമായി ജില്ലയൊട്ടാകെ ശക്തമായ മഴ ലഭിച്ചു. മാർച്ച് ഒന്നു മുതൽ ഇന്നലെ വരെയുള്ള കണക്കിൽ പത്തനംതിട്ട ജില്ലയിൽ 40 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്.

ഇന്നലെ രാവിലെ വരെയുള്ള 24 മണിക്കൂറിൽ കോന്നിയിൽ 34 മില്ലിമീറ്ററും അയിരൂരിൽ 41.6 മില്ലിമീറ്ററും മഴ രേഖപ്പെടുത്തി. കഴിഞ്ഞ ദിവസങ്ങളിൽ ലഭിച്ച മഴയിൽനിന്നും കൂടിയ അളവാണിത്.

കനത്ത മഴയെത്തുടർന്ന് പന്പ, മണിമല, അച്ചൻകോവിൽ നദികളിൽ ജലനിരപ്പുയർന്നു. പന്പാനദി പലയിടങ്ങളിലും ഇരുകര മുട്ടിയാണ് ഒഴുകുന്നത്. റാന്നി വലിയപാലത്തിനു സമീപം ഉപാസനക്കടവിലേക്കു വെള്ളം കയറി. പന്പാനദിയിലെ കോസ്‌വേകളിലും വെള്ളം കയറി. കുരുന്പൻമൂഴി കോസ്‌വേയിൽ ഇന്നലെ രാവിലെ വെള്ളം കയറി. കഴിഞ്ഞ ദിവസവും കോസ്‌വേയിൽ വെള്ളം കയറിയിരുന്നു. ഇന്നലെ വീണ്ടും യാത്ര തടസപ്പെട്ടു.

കനത്ത മഴയ്ക്കിടെ റോഡുകളിൽ രൂപപ്പെടുന്ന വെള്ളക്കെട്ടാണ് യാത്ര ബുദ്ധിമുട്ടിലാക്കുന്നത്. പ്രധാന ടൗണുകളിലും റോഡുകളിലും ഇത്തരത്തിൽ വെള്ളക്കെട്ട് രൂപപ്പെടുന്നുണ്ട്. ഓടകളിലൂടെയുള്ള ജലമൊഴുക്ക് തടസപ്പെടുന്നതാണ് വെള്ളക്കെട്ടിനു കാരണമാകുന്നത്.

## യുവാവിനെ കാർ കയറ്റി കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം: പ്രതി അറസ്റ്റിൽ

കട്ടപ്പന: വാഹനം പാർക്ക് ചെയ്തതിൻറെ പേരിൽ കട്ടപ്പനയിൽ യുവാവിനെ കാർ കയറ്റി കൊലപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ പ്രതി അറസ്റ്റിൽ. കാഞ്ചിയാർ കൽത്തൊട്ടി കരോട്ടുചിറയ്ക്കൽ ജസ്റ്റിൻ (31) ആണ് അറസ്റ്റിലായത്. തിങ്കളാഴ്ച്ച രാത്രിയിൽ കട്ടപ്പന ഡിവൈഎസ്പി ഓഫീസിലെത്തി കീഴടങ്ങുകയായിരുന്നു. പ്രതിക്കെതിരേ വധശ്രമത്തിന് കേസെടുത്തു. ഞായറാഴ്ച്ച രാത്രി 11ന് കട്ടപ്പന നഗരമധ്യത്തിലായിരുന്നു സംഭവം. വാഹന പാർക്കിംഗുമായി ബന്ധപ്പെട്ട് തർക്കമാണ് പ്രശനത്തിന് കാരണം.

വധ ശ്രമത്തിന് ഉപയോഗിച്ച സിഫ്റ്റ് കാർ ഓസാനം ഇടുക്കികവല ബൈപാസ് റോഡിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. പ്രതിയെ റിമാൻഡ് ചെയ്തു.

## ജില്ലയിലെ സ്മാർട്ട് മോഡൽ അങ്കണവാടി മാങ്കുളത്ത്

മാങ്കുളം: ജില്ലയിലെ ആദ്യത്തെ സ്മാർട്ട് മോഡൽ അങ്കണവാടിയുടെയും ഡിജിറ്റൽ പഠനകേന്ദ്രത്തിൻറെയും ഉദ്ഘാടനം മാങ്കുളത്ത് നടന്നു. എ. രാജ എംഎൽഎ ഉദ്ഘാടനം ചെയ്തു. മാങ്കുളം പഞ്ചായത്ത് പ്രസിഡൻറ് വിനീത സജീവൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്തംഗം പ്രവീൺ ജോസ്, ദേവികുളം പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ. ആർ. ജയൻ, മാങ്കുളം പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിബിൻ ജോസഫ്, സ്ഥിരം സമിതി ചെയർമാൻമാരായ മനോജ് കുര്യൻ, ഷീല രാധാകൃഷ്ണൻ, ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫീസർ മഞ്ജു തുടങ്ങിയവർ പ്രസംഗിച്ചു. ദേവികുളം ബ്ലോക്ക് പഞ്ചായത്തും സംസ്ഥാന വനിത ശിശുവികസന വകുപ്പും സംയുക്തമായി 52 ലക്ഷം രൂപ ചെലവഴിച്ചാണ് അങ്കണവാടി നിർമിച്ചത്.

## ബംഗ്ലാവുവിളയിൽ ഒരാൾപൊക്കത്തിൽ വെള്ളം; യാത്രാമാർഗം തടസപ്പെട്ട് 20 ഓളം കുടുംബങ്ങൾ

പേരൂർക്കട: വട്ടിയൂർക്കാവ് തൊഴുവൻകോട് ബംഗ്ലാവുവിളയിലുണ്ടായ വെള്ളപ്പൊക്കത്തിൽ യാത്രാമാർഗം തടസപ്പെട്ട് 20 കുടുംബങ്ങൾ. ഇന്നലെ രാവിലെ മുതൽ പെയ്ത ശക്തമായ മഴയിലാണ് റോഡുൾപ്പെടെ വെള്ളത്തിൽ മുങ്ങിയത്.

ഇടറോഡുകളൊന്നും തിരിച്ചറിയാനാകാത്തതിനാൽ കാൽനടയാത്രപോലും സാധ്യമല്ലാതെ ജനങ്ങൾ മണിക്കൂറുകളായി വീടുകളിൽ കഴിച്ചുകൂട്ടുകയാണ്. തൊഴുവൻകോട് ക്ഷേത്രത്തിൻറെ ഭാഗത്തുനിന്നും ഏകദേശം ഒരു കിലോമീറ്റർ പിന്നിടുമ്പോഴാണ് ബംഗ്ലാവുവിള എത്തുന്നത്.

രൂക്ഷമായ മാലിന്യനിക്ഷേപംമൂലം ഓടകൾ അടഞ്ഞതും അനധികൃത നിലംനികത്തലുമാണ് വെള്ളപ്പൊക്കത്തിനു കാരണമെന്നാണ് ആ ക്ഷേപം. ഈ മേഖലയിലെ വാഴ, മരച്ചീനി കൃഷിയും നശിച്ചിട്ടുണ്ട്.

മതിൽപ്പൊക്കത്തിൽ വെള്ളം നിറഞ്ഞതോടെ കൃഷിയിടമേത്, റോഡേത്, കുഴികകളേത് എന്നൊന്നും തിരിച്ചറിയാൻ കഴിയുന്നില്ല. അടുത്തസമയത്തൊന്നും വെള്ളം പൂർണമായി ഇറങ്ങനുള്ള സാധ്യതയും കാണുന്നില്ലെ ന്നാണ് നാട്ടുകാർ പറയുന്നത്. മഴ കനക്കുകയാണെങ്കിൽ ജനങ്ങൾ വീണ്ടും ദുരിതത്തിലാകും.

## ശക്തമായ മഴയിൽ വീടിനു മുകളിൽ മരംവീണ് വീടുതകർന്നു

വെള്ളറട: തിമിർത്തു പെയ്യുന്ന മഴയിൽ മലയോര മേഖലയിൽ വ്യാപക നാശനഷ്ടം. വീടിനു പുറത്തു മരം കടപുഴകിവീണു വീട് ഭാഗികമായി തകർന്നു. പാലിയോട് ആവണംകോട് മോഹനൻറെ വീടാണ് തകർന്നത്.

പാറശാല നെയ്യാറ്റിൻകര മേഖലയിൽ നിന്നെത്തിയ അഗ്നിശമന സേനാംഗങ്ങൾ ഏറെ പണിപ്പെട്ടാണ് മരം മുറിച്ചു മാറ്റിയത്. ചെമ്പൂര് കിളിയൂർ മുട്ടച്ചൽ വേങ്കോട് ഭാഗങ്ങൾ നിരവധി മരങ്ങൾ ഇലക്ട്രിക് പോറ്റുകൾ നിലം പൊത്തി. പ്രദേശത്ത് വ്യാപകമായ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. കൃഷിഭൂമികൾ മിക്കതും വെള്ളത്തിൽ മുങ്ങിയ അവസ്ഥയിലാണ്. തോടുകളിൽ പരിധിയിലധികം മലവെള്ളം ഒലിച്ചെത്തിയതോടെ കൃഷിഭൂമിയിലെ വെള്ളം തോടുകളിലേക്ക് പോകാൻ കഴിയാതെയായി.

കെഎസ്ഇബിക്കു വ്യാപകമായ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. പലസ്ഥലങ്ങളിലും വൈദ്യുതി പുനഃസ്ഥാപിക്കാനുള്ള ശ്രമം നടത്തുകയാണ് കെഎസ് ഇബി. ബോർഡിനുണ്ടായ ഉണ്ടായ നഷ്ടം ഇതുവരെയും കണക്കാക്കിയിട്ടില്ല. എല്ലാ മേഖലകളിലും മരങ്ങൾ വൈദ്യുതി തൂണുകളുടെ മുകളി ലൂടെ വീണിട്ടുണ്ട്. മലയോര മേഖലയിൽ മഴയ്ക്ക് ശമനമില്ലാത്ത തുടരുകയാണ് വ്യാപകമായ കൃഷി നാശവും കർഷകർ കടുത്ത ആശങ്കയിലാണ്.

## ആശ്രമം കത്തിച്ച കേസ്: വിചാരണ കോടതിക്ക് കൈമാറാൻ കഴിയാതെ കോടതി

തിരുവനന്തപുരം: സ്വാമി സന്ദീപാനന്ദഗിരിയുടെ കുണ്ടമൺകടവിലെ ആശ്രമം കത്തിച്ച കേസ് വിചാരണ കോടതിക്കു കൈമാറാൻ കഴിയാതെ കോടതി. കുറ്റപത്രത്തോടൊപ്പം സമർപ്പിച്ച 59 രേഖകളിൽ 11 രേഖകൾ മാത്രമാണ് പ്രതിഭാഗത്തിനു കൈമാറിയത്. ഇതു കാണിച്ച് പ്രതിഭാഗം കോടതിയിൽ അപേക്ഷ സമർപ്പിച്ചു.

ഇതേത്തുടർന്ന് കോടതി ക്രൈംബ്രാഞ്ച് അന്വേഷണ ഉദ്യോഗസ്ഥന് നിർദേശം നൽകി. അഞ്ചു പ്രാവശ്യം ആയിട്ടും അന്വേഷണ സംഘം രേഖകൾ കോടതിയിൽ കൊണ്ടുവന്നില്ല. തിങ്കളാഴ്ച കേസ് പരിഗണിച്ചപ്പോഴും രേഖകൾ ഹാജരാക്കാത്തതു കാരണം കേസ് പരിഗണിക്കുന്നത് ജൂൺ 17 ലേക്ക് മാറ്റി. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കോടതിയാണ് കേസ് പരിഗണിക്കുന്നത്.

കോർപറേഷൻ കൗൺസിലർ ഗിരികുമാർ, ശബരി എസ്. നായർ, കൃഷ്ണകുമാർ, വിജേഷ് എന്നിവരാണ് കേസിലെ പ്രതികൾ. ഇവർ ജാമ്യത്തിലാണ. ് 2018 ഒക്ടോബർ 27 നാണു സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിന് തീയിട്ടത്. ആശ്രമത്തിൽ റീത്തു വച്ചത് കൃഷ്ണകുമാറാണെന്നാണ് ക്രൈംബ്രാഞ്ചിൻറെ കണ്ടെത്തൽ. ഇതേ തുടർന്നാണ് അറസ്റ്റ്. കേസിലെ ഒന്നാം പ്രതി മരണമടഞ്ഞു. ആശ്രമം കത്തിക്കുന്നതിൽ ഗിരികുമാറിൻറെ നേതൃത്വത്തിലാണ് ഗൂഢാലോചന നടത്തിയതെന്നാണ് ക്രൈംബ്രാഞ്ചിൻറെ കണ്ടെത്തൽ.

## ഐ. എച്ച്. ആർ. ഡി കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനം

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോന്നി (04682382280, 8547005074), കടുത്തുരുത്തി (04829264177, 8547005049), പയ്യപ്പാടി (8547005040), മറയൂർ (8547005072), പീരുമേട് (04869299373, 8547005041), തൊടുപുഴ (04862257447, 257811, 8547005047) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.i-hr-d-a-dm-i-ssion-s.or-g വഴി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 1000 രൂപ (എസ്.സി, എസ്.ടി 350 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ അഡ്മിഷൻ സമയത്ത് ഹാജരാക്കണം. വിശദവിവരങ്ങൾക്ക് : www.i-hr-d.a-c.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA






2024 - 25 അധ്യയന വർഷത്തെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# വിദ്യാർഥികളുടെ പഠന മികവ് ഉറപ്പാക്കുന്നതിൽ ഗൗരവമായ ഇടപെടൽ വേണം: മുഖ്യമന്ത്രി

മുഴുവൻ വിദ്യാർഥികളുടേയും പഠന മികവ് ഉറപ്പാക്കുന്നതിൽ ഗൗരവമായ പരിശോധനയും ഇടപെടലും ആവശ്യമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ക്ലാസിലെ വിദ്യാർഥികളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ ആരെല്ലാമാണെന്ന് അവരെ പഠിപ്പിക്കുന്ന അധ്യാപകർക്ക് അറിയാം. അത്തരം വിദ്യാർഥികളുടെ പഠന ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാകുമെന്നതിൽ പ്രത്യേക ശ്രദ്ധവയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു. അടുത്ത അധ്യയന വർഷത്തേക്കുള്ള പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കേരളം രംഗം പല കാര്യങ്ങളിലും ഏറെ മെച്ചപ്പെട്ടതാണെന്നതു നമുക്ക് അഭിമാനം പകരുമ്പോൾത്തന്നെ, ഏതെങ്കിലും പ്രത്യേക കാര്യത്തിലോ വിഷയത്തിലോ നാം പുറകിലാകുന്നുണ്ടെങ്കിൽ അത് വിലയിരുത്തൽ നടത്തുന്നവരുടെ പിഴവുകൊണ്ടല്ലെന്നു മനസിലാക്കാനുള്ള സാമാന്യ ബോധം എല്ലാവർക്കുമുണ്ടാകണമെന്നു മുഖ്യമന്ത്രി പറഞ്ഞു. അതു വസ്തുതയാണെന്ന് അംഗീകരിച്ച് എങ്ങനെ മാറ്റാൻ കഴിയുമെന്നതാണു ചിന്തിക്കേണ്ടത്. ഇക്കാര്യം ഗൗരവമായി ആലോചിക്കേണ്ട ഘട്ടമാണിത്. എല്ലാ വിദ്യാർഥികൾക്കും പഠിക്കാനുള്ള സാഹചര്യം ഒരേപോലെ ആയിരിക്കില്ല. വ്യത്യസ്ത സാഹചര്യങ്ങളിൽനിന്നു വരുന്ന കുട്ടികളാണ് നമ്മുടെ വിദ്യാലയങ്ങളിലുള്ളത്. അവരിൽ ചിലർ പഠനത്തിൽ പിന്നിൽ നിൽക്കുന്നുണ്ടെങ്കിൽ അവർ അതേ വഴിയിൽ പൊയ്ക്കോട്ടേ എന്ന നിലപാടാകരുത് സ്വീകരിക്കുന്നത്. കൃത്യമായി അവരെ പഠനത്തിൽ സഹായിക്കുകയും മുന്നോട്ടു നയിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുകയും ചെയ്യണം. അത്തരം കാര്യങ്ങൾ എവിടെയെല്ലാം നടക്കുന്നുവെന്നതു ഗൗരവമായി പരിശോധിക്കണം.

വിദ്യാഭ്യാസ രംഗത്തെ അക്കാദമിക മികവ് വർധിപ്പിക്കുന്നതിനു സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനൊപ്പം അക്കാദമിക മികവ് വർധിപ്പിക്കുന്നിനും വലിയ ഇടപെടൽ നടത്തി. ഓരോ വിദ്യാലയത്തെ സംബന്ധിച്ചും കൃത്യമായ അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കാൻ തീരുമാനിച്ചു. വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാർഥികളിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. അധ്യാപന രീതിയിലും മാറ്റങ്ങൾ കൊണ്ടുവന്നു. അത്തരമൊരു സംസ്ഥാനത്ത് സാധാരണഗതിയിൽ ഈ രീതിയിൽ ഒരു ചർച്ച ഉയർന്നുവരേണ്ട സാഹചര്യം ഉണ്ടാകേണ്ടതല്ല. പക്ഷേ, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം എല്ലാവരും താത്പര്യപൂർവം ഗൗരവത്തോടെ കാണുന്നതായതുകൊണ്ട് ആ രംഗത്തുള്ള ചെറിയ കുറവുപോലും നല്ല രീതിയിൽ ശ്രദ്ധിക്കപ്പെടും.

പൊതുവിദ്യാഭ്യാസ മേഖല ഏറ്റവും പിന്നിൽപ്പോയ ഒരു കാലത്തു വല്ലാത്ത തകർച്ച പൊതുവിദ്യാലയങ്ങൾക്കുണ്ടായിരുന്നു. എസ്.എസ്.എൽ.സി പരീക്ഷയ്ക്കിരുന്ന കുട്ടികളിൽ ഒരു കുട്ടിയും പാസാകാത്ത ഒട്ടേറെ സ്കൂളുകൾ അക്കാലത്തു കേരളത്തിലുണ്ടായിരുന്നു. കേരളത്തിലെ ഏറ്റവും പ്രബലമായ ഒരു അധ്യാപക സംഘടന ആ പ്രശ്നം ഗൗരവമായി കാണുകയും സ്കൂളുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗൗരവപൂർവം ഇടപെടുകയും ചെയ്തു. അന്നു നല്ല ഫലം അതിനു സൃഷ്ടിക്കാൻ കഴിഞ്ഞു. നാം ഏതുതരം അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയാലും ആ വിദ്യാലയത്തിലെ വിദ്യാർഥികളുടെ അഭിവൃദ്ധിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അധ്യാപകരുടെ പങ്ക് വളരെ വലുതാണെന്നത് പ്രത്യേകിച്ചു പറയേണ്ടതില്ല. പ്രത്യേക ശ്രദ്ധയോടെ കാര്യങ്ങൾ നീക്കിയപ്പോൾ പൂജ്യം എന്ന നിലയിൽ എത്തിയ റിസൾട്ട് നല്ല രീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ അന്നു പല വിദ്യാലയങ്ങൾക്കും കഴിഞ്ഞു. അപൂർവം ചില വിദ്യാലയങ്ങൾ അന്ന് പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർഥികളും പാസാകുന്ന നിലയിലേക്കും എത്തി. പഠന രംഗത്തടക്കം വലിയ മാറ്റം പിന്നീടുണ്ടായതായും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സംസ്ഥാനത്തു നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും വിദ്യാകിരണം പദ്ധതിയിലൂടെയും പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 5,000 കോടി രൂപ ചെലവഴിച്ചതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിനുള്ള നടപടിക്കു സർക്കാർ മുൻതൂക്കം നൽകുകയാണ്. 2007നു ശേഷം സമഗ്രമായ പാഠ്യപദ്ധതി പരിഷ്കണം നടപ്പാക്കുന്നത് ഇപ്പോഴാണ്. രണ്ടു വർഷത്തിനിടെ ഒരിക്കലെങ്കിലും പാഠപുസ്തക പരിഷ്കരണം നടത്തേണ്ടതുണ്ട്. ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങളാണ് ഈ അധ്യയന വർഷം വിദ്യാർഥികളിലേക്കെത്തുന്നത്. രണ്ട്, നാല്, ആറ്, എട്ട്, 10 ക്ലാസുകളിലെ പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും അടുത്ത അധ്യയന വർഷം ജൂണിൽ ആ ക്ലാസുകളിലെ പുതിയ പുസ്തകങ്ങളും വിദ്യാർഥികളിലെത്തുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ ഈ വർഷത്തെ പ്രവേശനോത്സവ ഗാനം മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ഈ അധ്യയന വർഷത്തേക്കുള്ള കൈത്തറി യൂണിഫോമിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം വ്യവസായ മന്ത്രി പി. രാജീവ് ചടങ്ങിൽ നിർവഹിച്ചു. മന്ത്രി ജി.ആർ. അനിൽ, ആന്റണി രാജു എം.എൽ.എ, മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ആർ.കെ. ജയപ്രകാശ് തുടങ്ങിയവരും പങ്കെടുത്തു.

## കേരള ബാങ്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ

കേരള ബാങ്കിന് (കേരള സംസ്ഥാന സഹകരണ ബാങ്ക്) വിവരാവകാശ നിയമം ബാധകമാണെന്നും വിവിരാവകാശ നിയമം 2005 പ്രകാരം പൗരന്മാർക്ക് വിവരം നൽകുന്നതിനു ബാധ്യതയുണ്ടെന്നും വിവരാവകാശ കമ്മീഷണർ ഡോ. കെ. എം. ദിലീപ് ഉത്തരവിട്ടു. കൊച്ചു പള്ളുരുത്തിയിൽ പുതിയേടത്ത് പി. ബി. ഹേമലത നൽകിയ പരാതി ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഉത്തരവായത്. വിവരാവകാശ നിയമപ്രകാരം കേരള ബാങ്കിൽ നൽകിയ അപേക്ഷയിന്മേൽ വിവരം നൽകിയില്ലെന്നും അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നുമുള്ള പരാതി ഹർജിയിലാണ് കമ്മീഷൻ ഉത്തരവ്. സർക്കാർ പുറപ്പെടുവിച്ച ഉത്തരവു മുഖേന സ്ഥാപിക്കപ്പെട്ട സ്ഥാപനം എന്ന നിലയിലും സർക്കാരിന്റെ ഗണ്യമായ സാമ്പത്തിക സഹായം നൽകിയിട്ടുള്ള സ്ഥാപനം എന്ന നിലയിലും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കേരള ബാങ്ക് (കേരള സംസ്ഥാന സഹകരണ ബാങ്ക്) വരുമെന്നും കേരള ബാങ്കിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരിയേയും നിയമിക്കണമെന്നും ജനറൽ മാനേജർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

## കൂടിക്കാഴ്ച 30ന്

പട്ടികജാതി വികസന വകുപ്പിനു കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള അധ്യാപക ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്തുന്നതിനായി സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന താൽപര്യമുള്ള അധ്യാപകർക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ മേയ് 30നു കൂടിക്കാഴ്ച നടത്തും. പങ്കെടുക്കാൻ താൽപര്യമുള്ള അധ്യാപകർ അന്നേ ദിവസം രാവിലെ എട്ടിനു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തണം. ഇതുമായി ബന്ധപ്പെട്ട സർക്കുലറും വിശദവിവരങ്ങളും, അപേക്ഷാഫോറവും, വേക്കൻസി റിപ്പോർട്ടും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.e-du-c-a-tion.k-er-a-l-a.gov.in) ലഭിക്കും.

## ഗസ്റ്റ് അധ്യാപക ഒഴിവ്

ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിൽ 202425 അധ്യയന വർഷത്തിൽ വീണ വിഭാഗത്തിൽ ഒഴിവുള്ള തസ്തികയിലേക്ക് അതിഥി അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിലവിലെ സർക്കർ ഉത്തരവുകൾക്ക് വിധേയമായി നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളതും കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് മേയ് 30നു രാവിലെ 10നു കോളേജിൽ നടക്കുന്ന അഭിമുഖത്തിൽ നേരിട്ട് പങ്കെടുക്കാം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും സഹിതം അഭിമുഖ സമയത്ത് ഹാജരാക്കണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# ഐസിഎസ് ജംഗ്ഷനിൽ വെള്ളക്കെട്ട്, കടകളിൽ വെള്ളം കയറുന്നു

ശാസ്താംകോട്ട: അശാസ്ത്രീയമായ ഓട നിർമാണവും വാട്ടർ അഥോറിറ്റിയുടെ നടപടി മൂലവും മൈനാഗപ്പള്ളി ഐസിഎസ് ജംഗ്ഷനിൽ വെള്ളക്കെട്ട് രൂക്ഷമാവുകയും കടകളിൽ വെള്ളം കയറുകയും ചെയ്യുന്നു.

കിഫ്ബി പദ്ധതിപ്രകരം പണി ആരംഭിച്ച വെറ്റമുക്ക് താമരക്കുളം റോഡ് നിർമ്മാണത്തിൻറെ ഭാഗമായി ഐസിഎസ് ജംഗ്ഷനിലും റോഡ് നിർമിക്കുകയും വശങ്ങളിൽ വെള്ളം ഒഴുകി പോകാൻ ഓട സ്ഥാപിക്കുകയും ചെയ്തിരുന്നു. അശാസ്ത്രീയമായ നിർമാണമായിരുന്നതിനാൽ റോഡ് താഴ്ന്നും ഓട ഉയരത്തിലും എന്ന നിലയിയായി നിർമാണം പൂർത്തീകരിച്ചു വന്നപ്പോൾ. ഇത് മൂലം റോഡിലെ വെള്ളം ഓടയിലേക്ക് ഇറങ്ങി പോകാറില്ല. ഓടയുടെ ചില ഭാഗങ്ങളിൽ ദ്വാരം ഇട്ടാണ് റോഡിലെ വെള്ളം ഓടയിലേക്ക് ഇറക്കുന്നത്. അതിനാൽ വെള്ളം പൂർണമായി റോഡിൽ നിന്ന് ഒഴുകി പോകാറില്ല.

ഇതിനോടൊപ്പം മൈനാഗപ്പള്ളി കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി പൈപ്പ് ഇടാൻ എടുത്ത കുഴികൾ വേണ്ടവിധത്തിൽ മൂടാത്തതിനാലും ചേമ്പറുകൾ നിർമിക്കാൻ എടുത്ത കുഴിയിലെ മണ്ണ് നീക്കം ചെയ്യാത്തതിനാലും മഴ വെള്ളം ഓടയിലേക്ക് ഇറങ്ങിപ്പോകാതെ റോഡിൽ കെട്ടി കിടക്കുകയുമാണ്.

ശക്തമായ മഴ പെയ്യുമ്പോൾ വെള്ളം ഉയർന്ന് സമീപത്തെ കടകളിൽ കയറി നഷ്ടം ഉണ്ടാക്കുന്നുമുണ്ട്. നിമിഷം പ്രതി ബസുകൾ അടക്കം നിരവധി വാഹനങ്ങളാണ് ഇത് വഴി കടന്ന് പോകുന്നത്.

വാഹനങ്ങൾ കടന്ന് പോകുമ്പോഴും കടകളിലേക്ക് വെള്ളം കയറും. ജംഗ്ഷനിൽ ബസ് കാത്ത് നിൽക്കുന്നവരുടെയും ഇരുചക്രവാഹന യാത്രക്കാരുടെയും ദേഹത്തേക്ക് വെള്ളം തെറിച്ച് വീഴുന്നതും പതിവാണ്. ഒഴുകിയെത്തുന്ന മണ്ണും ചെളിയും കടകൾക്ക് മുന്നിൽ കെട്ടി കിടക്കുകയുമാണ്.

വെള്ളം ഒഴുകുന്ന ഭാഗത്തുള്ള മണ്ണ് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ജംഗ്ഷനിലെ വ്യാപാരികൾ വാട്ടർ അഥോറിറ്റി അധികൃതരെ സമീപിച്ചെങ്കിലും നടപടി ഉണ്ടായിട്ടില്ല.

# KEAM പ്രവേശന പരീക്ഷ ഈ വർഷം മുതൽ ഓൺലൈനിൽ; ജൂൺ അഞ്ചിനു തുടക്കം

സംസ്ഥാനത്ത് ഈ വർഷം മുതൽ KEAM എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശനപരീക്ഷകൾ ഓൺലൈനായി നടത്തും. ജൂൺ അഞ്ചു മുതൽ ഒൻപതു വരെ വിവിധ കേന്ദ്രങ്ങളിലായാണു പരീക്ഷ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 130 സർക്കാർ / സ്വാശ്രയ / സ്ഥാപനങ്ങളിലെ 198 പരീക്ഷാ കേന്ദ്രങ്ങളിലും, ഡൽഹിയിലെ രണ്ട് പരീക്ഷാ കേന്ദ്രങ്ങളിലും, മുംബൈ, ദുബായ് എന്നിവിടങ്ങളിലെ ഓരോ കേന്ദ്രങ്ങളിലുമായായാണ് പരീക്ഷ നടക്കുക. 1,13,447 വിദ്യാർഥികൾ പരീക്ഷയെഴുതും. സർക്കാർ സ്ഥാപനമായ സിഡിറ്റ് ആണ് ഓൺലൈൻ പരീക്ഷയ്ക്കായുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്ര വിപുലമായ രീതിയിൽ ഓൺലൈൻ പരീക്ഷ നടത്തുന്നതെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു. പരീക്ഷയ്ക്കായി തയ്യാറാക്കിയ സോഫ്റ്റ്വെയറും അനുബന്ധ ഉപകരണങ്ങളുടെ പ്രവർത്തനവും വിലയിരുത്താൻ മേയ് 24ന് മോക്ക് ടെസ്റ്റും 25ന് ട്രയൽ പരീക്ഷയും പൂർത്തിയാക്കി. ഏതെങ്കിലും സാഹചര്യത്തിൽ ഒരു പ്രത്യേക പരീക്ഷാ കേന്ദ്രത്തിലെയോ ഏതെങ്കിലും ദിവസത്തെയോ പരീക്ഷ മാറ്റിവയ്ക്കേണ്ടി വന്നാൽ ആ പരീക്ഷ ജൂൺ 10ന് നടത്തുന്ന രീതിയിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഒരു ദിവസം പരമാവധി 18,993 പേർക്ക് പരീക്ഷ എഴുതാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരു പരീക്ഷാ കേന്ദ്രത്തിൽ ഒരേ സമയം പരമാവധി 126 കുട്ടികൾക്ക് വരെ പരീക്ഷ എഴുതാം. എല്ലാ കേന്ദ്രങ്ങളിലും കരുതൽ കമ്പ്യൂട്ടറുകളും ഒരുക്കിയിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിൽ പരീക്ഷ നടത്തിപ്പിനായി പ്രത്യേക കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. ജില്ലാ തലങ്ങളിലും കൺട്രോൾ റൂമുകൾ തുറന്നു. നോഡൽ ഓഫീസർക്കായിരിക്കും ജില്ലകളിലെ മേൽനോട്ട ചുമതല. 130 കേന്ദ്രങ്ങളിലും പ്രത്യേക കോർഡിനേറ്റർമാരും നിരീക്ഷകരും ഉണ്ടായിരിക്കും. പരീക്ഷാ കേന്ദ്രങ്ങളിലെ സെർവറുകൾ ഉൾപ്പെടെയുള്ളവയുടെ ചുമതല ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടിനായിരിക്കും.

ദുബായ് കേന്ദ്രത്തിൽ ജൂൺ 6നും മുംബൈ, ഡൽഹി ഉൾപ്പെടെയുള്ള മറ്റു കേന്ദ്രങ്ങളിലെല്ലാം ജൂൺ അഞ്ചിന് തന്നെയും പരീക്ഷ തുടങ്ങും. ബിഫാം പ്രവേശനത്തിനുള്ള പ്രത്യേക പരീക്ഷ ജൂൺ 6 ന് ഉച്ചയ്ക്ക് ശേഷം 3.30 മുതൽ 5 മണി വരെ നടക്കും. സാങ്കേതിക കാരണത്താൽ ഏതെങ്കിലും കേന്ദ്രത്തിൽ പരീക്ഷ തുടങ്ങാൻ വൈകിയാൽ പരീക്ഷാ സമയം അതനുസരിച്ച് പുനഃക്രമീകരിക്കും. മഴയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എല്ലാ പരീക്ഷ കേന്ദ്രങ്ങളിലും യുപിഎസ് ബാക്ക്അപ്പും ജനറേറ്ററും സജ്ജീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പരീക്ഷയ്ക്കെത്തുന്ന വിദ്യാർഥികൾ രാവിലെ 7.30ന് പരീക്ഷാ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്ത ബയോമെട്രിക് വിവരങ്ങൾ നൽകണം. 9.30നു ശേഷം പരീക്ഷാ കേന്ദ്രത്തിൽ പ്രവേശനം അനുവദിക്കില്ല. രാവിലെ 9.45ന് വിദ്യാർഥികളുടെ ലോഗിൻ വിൻഡോയിൽ 15 മിനുട്ടുള്ള മോക്ക് ടെസ്റ്റ് തുടങ്ങും, ടൈമർ സീറോയിൽ എത്തുമ്പോൾ പരീക്ഷ ആരംഭിക്കും. ബി ഫാം പ്രവേശനത്തിനുള്ള വിദ്യാർഥികൾ ഉച്ചയ്ക്ക് ഒരു മണിക്ക് റിപ്പോർട്ട് ചെയ്യണം. പരീക്ഷയ്ക്കായുള്ള അഡ്മിറ്റ് കാർഡ് ക്യാൻഡിഡേറ്റ് പോർട്ടലിൽ ലഭ്യമായിട്ടുണ്ട്. വിദ്യാർഥികൾ അഡ്മിറ്റ് കാർഡിനൊപ്പം അഡ്മിറ്റ് കാർഡിൽ പരമാർശിച്ചിരിക്കുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖ കൂടി നിർബന്ധമായും ഹാജരാക്കണം.

# വോട്ടെണ്ണൽ: സുരക്ഷ, മുന്നൊരുക്കങ്ങളുടെ അവലോകനം പൂർത്തിയായി; മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ

ലോക്സഭ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനോടനുബന്ധിച്ചു സംസ്ഥാനത്ത് വോട്ടിങ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ട്രോങ് റൂമുകളുടെ സുരക്ഷയുടെയും വോട്ടണ്ണൽ പ്രക്രിയക്കുള്ള ഒരുക്കങ്ങളുടെയും അവലോകനം പൂർത്തിയായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ജൂൺ നാലിനാണ് വോട്ടെണ്ണൽ. വോട്ടിങ് യന്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള സംസ്ഥാനത്തെ 20 കേന്ദ്രങ്ങളിലും സുരക്ഷാ ക്രമീകരണങ്ങളും വോട്ടെണ്ണൽ ഒരുക്കങ്ങളും വിലയിരുത്തി. തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച 21 പോയിന്റുകളുടെ അടിസ്ഥാനത്തിലുള്ള അവലോകനമാണ് പൂർത്തിയാക്കിയത്.

20 ലോക്സഭ മണ്ഡലങ്ങളിലെയും സ്ട്രോങ് റൂമുകളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശപ്രകാരമുള്ള ത്രിതല സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സ്ട്രോങ് റൂമുകളുടെ 100 മീറ്റർ അകലെ നിന്ന് ആരംഭിക്കുന്ന ആദ്യ സുരക്ഷാവലയത്തിൽ സംസ്ഥാന പൊലീസിന്റെ കാവലാണുള്ളത്. തുടർന്നുള്ള രണ്ടാം വലയത്തിൽ സംസ്ഥാന ആംഡ് പൊലീസും മൂന്നാം വലയത്തിൽ സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സുമാണ് സുരക്ഷ ചുമതലയിലുള്ളത്. കൂടാതെ സ്ട്രോങ് റൂമിന് പുറത്ത് 24 മണിക്കൂറും സിസിടിവി നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവേശനകവാടങ്ങൾ, സ്ട്രോങ് റൂം ഇടനാഴികൾ, സ്ട്രോങ് റൂമിൽ നിന്ന് വോട്ടെണ്ണൽ ഹാളിലേക്കുള്ള വഴി, വോട്ടെണ്ണൽ ഹാൾ, ടാബുലേഷൻ ഏരിയ എന്നിവിടങ്ങളെല്ലാം സിസിടിവി നിരീക്ഷണത്തിലാണ്. എല്ലാ സ്ട്രോങ് റൂമുകളും കൃത്യമായ ഇടവേളകളിൽ ഉദ്യോഗസ്ഥർ സന്ദർശിച്ച് സുരക്ഷ ഉറപ്പുവരുത്തുകയും സന്ദർശക രജിസ്ററർ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. എല്ലാ കേന്ദ്രങ്ങളിലും അഗ്നിരക്ഷാ സൗകര്യങ്ങളും ഫയർഫോഴ്സിന്റെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

വോട്ടെണ്ണലിനുള്ള മേശകൾ, കൗണ്ടിങ് ഏജന്റ്മാർക്ക് ഇരിക്കാനുള്ള ഏരിയ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. വോട്ടണ്ണൽ തീയതി, സമയം, സ്ഥലം എന്നിവ സ്ഥാനാർഥികളെയും അവരുടെ ഏജന്റുമാരെയും ഫോം എം 22 പ്രകാരം അറിയിച്ചിട്ടുണ്ട്. കൗണ്ടിങ് ഏജന്റുമാരുടെ ഫോട്ടോ അടക്കമുള്ള വിവരങ്ങൾ ഫോം 18 ൽ അറിയിക്കാനും സ്ഥാനാർഥികൾക്ക് നിർദേശം നൽകി.

കാലതാമസം കൂടാതെ വോട്ടെണ്ണൽ പ്രക്രിയ പൂർത്തീകരിക്കാനും ഫലം പ്രഖ്യാപിക്കാനും ആവശ്യമായത്ര വോട്ടെണ്ണൽ ഹാളുകളും മേശകളും എല്ലാ കേന്ദ്രങ്ങളിലും സജ്ജമാക്കിയിട്ടുണ്ട്. സർവീസ് വോട്ടർമാരുടെ ഇലക്ട്രോണിക് പോസ്റ്റൽ ബാലറ്റുകൾ എണ്ണുന്നതിന് ആവശ്യമായ ക്യു ആർ കോഡ് സ്കാനറുകളും കമ്പ്യൂട്ടർ സംവിധാനങ്ങളും ലഭ്യമാക്കുകയും പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. വോട്ടെണ്ണലും ഫലപ്രഖ്യാപനവും സുഗമമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ആദ്യ റാൻഡമൈസേഷൻ മെയ് 17 ന് പൂർത്തിയായി. രണ്ടാം റാൻഡമൈസേഷനും മൂന്നാം റാൻഡമൈസേഷനും ജൂൺ 3ന് രാവിലെ എട്ട് മണിക്കും ജൂൺ 4 ന് രാവിലെ അഞ്ച് മണിക്കും നടക്കും. തപാൽവോട്ട് അടക്കമുള്ളവയുടെ വോട്ടെണ്ണലിന് 707 അഡീഷണൽ റിട്ടേണിങ് ഓഫീസർമാരെ നിയമിക്കും. വോട്ടെണ്ണൽ ജീവനക്കാർക്കുള്ള ആദ്യഘട്ട പരിശീലനം മെയ് 22 നും 23 നും രണ്ടാംഘട്ട പരിശീലനം മെയ് 28 നും പൂർത്തിയായി. അവസാനഘട്ട പരിശീലനം ജൂൺ 1ന് നടക്കും.

മൽസരഫലങ്ങൾ തടസ്സങ്ങൾ കൂടാതെ തത്സമയം ലഭ്യമാക്കുന്നതിന് എൻകോർ, ഇടിപിബിഎംഎസ് ടീമുകൾക്ക് പരിശീലനങ്ങളും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കലും പൂർത്തിയാക്കി. ടാബുലേഷൻ നടപടികളുടെ ഡ്രൈറൺ മെയ് 25 ന് നടന്നു.

വോട്ടെണ്ണൽ കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എക്സിക്യൂട്ടിവ് മജിസ്ട്രേറ്റിനാണ് ഇതിന്റെ ചുമതല. വോട്ടെണ്ണുന്ന ഉദ്യോഗസ്ഥർക്കും കൗണ്ടിങ് ഏജന്റുമാർക്കും തിരിച്ചറിയൽ കാർഡുകൾ നൽകും. ഓരോ മേശയിലും ഓരോ ഘട്ടത്തിലും എണ്ണുന്ന വോട്ടിങ് യന്ത്രങ്ങളുടെ പട്ടിക സ്ഥാനാർഥികൾക്ക് നൽകും. തൽസമയ ഫലം ലഭ്യമാക്കുന്നതിന് ഓരോ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ടെലഫോൺ, കമ്പ്യൂട്ടർ, ഫാക്സ്, ഇന്റർനെറ്റ് എന്നിവ അടക്കമുള്ള കമ്യൂണിക്കേഷൻ റൂമുകളും ഒരുക്കിയിട്ടുണ്ട്.

## തീയതി നീട്ടി

സെൻട്രൽ പോളിടെക്നിക് കോളജിൽ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.ടി.ഇ പ്രീ പ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക് എന്നീ റെഗുലർ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ അഞ്ചുവരെ നീട്ടി.